ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.10.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇൻറർനെറ്റിൽ കുട്ടികൾക്കെതിരായ ലൈംഗികാതിക്രമ ദൃശ്യങ്ങളും ഉള്ളടക്കങ്ങളും കണ്ടെത്തി നീക്കം ചെയ്യുന്നതിന് ശക്തമായ സാങ്കേതിക-നിയമ നിയന്ത്രണങ്ങൾ വേണമെന്ന് സുപ്രീംകോടതി.

   **The Supreme Court states that strong technical and legal regulations are necessary to detect and remove child sexual exploitation and abuse material from the internet.**

2. ഇന്ത്യൻ ബഹിരാകാശ സമ്പദ്‌വ്യവസ്ഥ അടുത്ത ഏഴു വർഷത്തിനകം 4,500 കോടി ഡോളറായി വളരുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്.

   **Union Minister Jitendra Singh says that India's space economy will grow to 45 billion dollars in the next seven years.**

3. ആറുമാസം വരെ പ്രായമായ കുട്ടികൾക്കുള്ള പോഷകാഹാരങ്ങളിൽ സുക്രോസ്, ഫ്രക്ടോസ് തുടങ്ങിയ മധുരം ചേർക്കുന്നത് നിരോധിക്കാൻ ദേശീയ ഭക്ഷ്യസുരക്ഷാ ഗുണനിലവാര അതോറിറ്റി കരട് വിജ്ഞാപനം പുറപ്പെടുവിച്ചു.

   **The Food Safety and Standards Authority of India issued a draft notification to prohibit the addition of sweeteners like sucrose and fructose in food products for children up to six months of age.**

4. തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു. രാജ്യത്തെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമാക്കി ശബരിമലയെ മാറ്റുമെന്ന് മുഖ്യമന്ത്രി വിഡി സതീശൻ.

**The doors of the Sabarimala temple open for the Thulamasa poojas. Chief Minister V.D. Satheesan states that Sabarimala will be transformed into the country's greatest pilgrimage center.**

5. കേരളത്തിൽ ബുധനാഴ്ച വരെ ശക്തമായ മഴ തുടരും. അഞ്ച് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rain continues in Kerala until Wednesday. An orange alert is issued for five districts today. Fishing is banned along the coasts of Kerala, Karnataka, and Lakshadweep today and tomorrow.**

6. അണ്ടർ 23 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ അമൃത പൂജാരിക്ക് വെള്ളിയും, കോമളിന് വെങ്കലും.

**India's Amruta Pujari wins a silver medal and Komal wins a bronze medal at the Under-23 World Wrestling Championship.**

**&&&&&&&&&&&&&&&&&&&&**

## SC-CHILD ABUSE

ഇന്റർനെറ്റിൽ കുട്ടികൾക്കെതിരായ ലൈംഗികാതിക്രമ ദൃശ്യങ്ങളും ഉള്ളടക്കങ്ങളും കണ്ടെത്തി നീക്കം ചെയ്യുന്നതിന് ശക്തമായ സാങ്കേതിക-നിയമ നിയന്ത്രണങ്ങൾ വേണമെന്ന് സുപ്രീംകോടതി. സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിൽ ഇത്തരം ഉള്ളടക്കം തടയാൻ സമഗ്രമായ ദേശീയ ഡാറ്റാബേസ് ഉണ്ടാക്കാൻ ജസ്റ്റിസുമാരായ ജെ. ബി. പർദിവാല, കെ. വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് നിർദ്ദേശം നൽകി. സാങ്കേതിക നിയന്ത്രണങ്ങൾക്കൊപ്പം ഡിജിറ്റൽ സുരക്ഷാ

ബോധവൽക്കരണം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും സുപ്രീം കോടതി ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിവരിക്കുന്ന സത്യവാങ്മൂലം ഡിസംബർ 10-നകം സമർപ്പിക്കാനും സുപ്രീം കോടതി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&&&

## SC -INTERNET

ഇൻറർനെറ്റ് ലഭ്യതയും ഉപയോഗവും കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ മൗലികാവകാശമാണെന്ന് സുപ്രീംകോടതി. പ്രായഭേദമന്യേ കുട്ടികൾക്കും ഈ അവകാശം ലഭിക്കുമെന്നും കോടതി വ്യക്തമാക്കി. ജസ്റ്റിസ് ജെ.ബി. പർദിവാല, ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ചിൻറേതാണ് നിരീക്ഷണം. ഓൺലൈൻ അപകടങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാൻ ഡിജിറ്റൽ ലഭ്യത പൂർണ്ണമായും നിഷേധിക്കാനാകില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## JITENDRA- BLOOMBERG ROUNDTABLE

ഇന്ത്യയുടെ ബഹിരാകാശ സമ്പദ്‌വ്യവസ്ഥ നിലവിലെ 900 കോടി ഡോളറിൽ നിന്ന് അടുത്ത ഏഴു വർഷത്തിനകം 4,500 കോടി ഡോളറായി വളരുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ നടന്ന 'ബ്ലൂംബെർഗ് ന്യൂ ഇക്കണോമി ഫോറത്തിൽ' സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വകാര്യ പങ്കാളിത്തവും വിദേശ നിക്ഷേപങ്ങളും വർദ്ധിപ്പിക്കുന്നത് ആഗോളതലത്തിൽ ഇന്ത്യൻ കമ്പനികൾക്ക് കരുത്താകും. സാങ്കേതിക മികവിനൊപ്പം വാണിജ്യ സാധ്യതകൾ പ്രയോജനപ്പെടുത്താനും സർക്കാർ മുൻഗണന നൽകുകയാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&

## PM 25 YEARS-PM GATI SHAKTI MASTER PLAN-INTRO

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. പി.എം. ഗതിശക്തി ദേശീയ മാസ്റ്റർ പ്ലാനിനെക്കുറിച്ചാണ് 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്.

(വോയിസ്)

## PM 25 YEARS-PM GATI SHAKTI MASTER PLAN-VOICE

2021-ൽ തുടക്കമിട്ട പ്രധാനമന്ത്രി ഗതിശക്തി പദ്ധതിയിലൂടെ രാജ്യത്തെ വിവിധ അടിസ്ഥാനസൗകര്യ വികസന പദ്ധതികളെ ഒരൊറ്റ ശൃംഖലയായി കോർത്തിണക്കി വൻ മാറ്റമാണ് കൈവരിച്ചിരിക്കുന്നത്. 16 കേന്ദ്ര മന്ത്രാലയങ്ങളുടെ വിവരങ്ങൾ സംയോജിപ്പിച്ചുള്ള ജി.ഐ.എസ്. അധിഷ്ഠിത പ്ലാറ്റ്ഫോം വഴി 100 ലക്ഷം കോടിയിലധികം രൂപയുടെ പദ്ധതികൾ ഏകോപിപ്പിച്ചു നടപ്പിലാക്കുന്നു. ഇതോടെ രാജ്യത്തെ ലോജിസ്റ്റിക്സ് ചെലവ് ജി.ഡി.പി.യുടെ 13 മുതൽ 14 ശതമാനത്തിൽ നിന്ന് 8 ശതമാനത്തോളമായി കുറയ്ക്കാൻ സാധിച്ചു. തടസ്സങ്ങളില്ലാത്ത സംയോജിത വികസനത്തിലൂടെ ആധുനികവും കാര്യക്ഷമവുമായ 'വികസിത് ഭാരതം' പടുത്തുയർത്താൻ പി.എം. ഗതിശക്തി വഴിതുറന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&&&&&&&&

## FSSAI DRAFT AMENDMENT

ആറുമാസം വരെ പ്രായമായ കുട്ടികൾക്കുള്ള പോഷകാഹാരങ്ങളിൽ സുക്രോസ്, ഫ്രക്ടോസ് തുടങ്ങിയ മധുരം ചേർക്കുന്നത് നിരോധിക്കാൻ ദേശീയ ഭക്ഷ്യസുരക്ഷാ ഗുണനിലവാര അതോറിറ്റി -FSSAI കരട് വിജ്ഞാപനം പുറപ്പെടുവിച്ചു. ചെറുപ്പത്തിലെ അമിത മധുര ഉപയോഗവും കുട്ടികളിലെ അമിതവണ്ണവും തടഞ്ഞ് കൃത്യമായ വളർച്ച ഉറപ്പാക്കാനാണ് ഈ നീക്കം. കരട് വിജ്ഞാപനം സംബന്ധിച്ച് നിർദ്ദേശങ്ങളും എതിർപ്പുകളും 60 ദിവസത്തിനകം അറിയിക്കാമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## GOVERNOR KERALAM

കേരളത്തിൻറെ പുതിയ ഗവർണറായി ഓം പ്രകാശ് മാഥൂർ വെള്ളിയാഴ്ച ചുമതലയേൽക്കും. ഉച്ചയ്ക്ക് 12.30 ന് ലോക് ഭവനിലാണ് സത്യപ്രതിജ്ഞ.

&&&&&&&&&&&&&&&&&&&&

## CRICKET IND-WI-2

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം മഴമൂലം വൈകുന്നു. ബംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം. രണ്ട് മത്സരങ്ങൾ വീതം വിജയിച്ച ഇരുടീമുകൾക്കും പരമ്പര സ്വന്തമാക്കാൻ ഇന്നത്തെ മത്സരം നിർണായകമാണ്.

&&&&&&&&&&&&&&&&&&&&

## WOMENS CRICKET: IND VS ZW

ഇന്ത്യ - സിംബാബ്‌വെ വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ രാത്രി ഏഴ് മണിക്ക് റായ്പൂരിൽ നടക്കും. ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ നാല് വിക്കറ്റിന് സിംബാബ്‌വെയെ പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഇന്റർ കാശി എഫ് സിയും ഒഡിഷ എഫ് സിയും തമ്മിൽ നടന്ന മത്സരത്തിൽ ഇരു ടീമുകളും ഒരോ ഗോൾ വീതം നേടി സമനിലയിൽ പിരിഞ്ഞു. ബെംഗളൂരു എഫ് സിയും-ചെന്നൈയിൻ എഫ് സിയും തമ്മിലാണ് രണ്ടാം മത്സരം.

&&&&&&&&&&&&&&&&&&&&

## WORLD WRESTLING CHAMPIONSHIPS

അമേരിക്കയിലെ ലാസ് വെഗാസിൽ നടക്കുന്ന അണ്ടർ-23 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 72 കിലോഗ്രാം വിഭാഗം ഫൈനലിൽ ഇന്ത്യയുടെ അമൃത പൂജാരി വെള്ളി മെഡൽ നേടി. നേരത്തെ, വനിതകളുടെ 59 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ കോമൾ വെങ്കല മെഡൽ കരസ്ഥമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&&&

## KERALAM-SABARIMALA

തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു. മുഖ്യമന്ത്രി വി. ഡി.സതീശൻ, ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് കെ. ജയകുമാർ എന്നിവർ ദർശനത്തിനായി

സന്നിധാനത്തെത്തി. നാളെ ശബരിമല, മാളികപ്പുറം ക്ഷേത്രങ്ങളിലേക്കുള്ള പുതിയ മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് നടക്കും. പൂജകൾ പൂർത്തിയാക്കി ഈ മാസം 22-ന് രാത്രി 10 ന് ക്ഷേത്രനട അടയ്ക്കും.

&&&&&&&&&&&&&&&&&&&&

## SABARIMALA- INTRO

ശബരിമലയെ രാജ്യത്തെ തന്നെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി വിഡി സതീശൻ. മണ്ഡല മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ടുള്ള ക്രമീകരണങ്ങളും മുന്നൊരുക്കങ്ങളും വിലയിരുത്തുന്നതിന് പമ്പയിൽ ചേർന്ന അവലോകന യോഗത്തിനു ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിശദംശങ്ങളുമായി ആകാശവാണി പ ത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&&

## RAIN KERALAM

കേരളത്തിൽ ബുധനാഴ്ച വരെ ശക്തമായ മഴ തുടരും. തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. മലപ്പുറം മുതൽ കാസർഗോഡ് വരെ നാളെ മഞ്ഞ ജാഗ്രത നിർദേശം നൽകി. കേരളം - കർണാടക -

ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&

## ADVANI APOLLO

ബി.ജെ.പി. മുതിർന്ന നേതാവ് എൽ.കെ. അദ്വാനിയെ നെഞ്ചിലെ അണുബാധയെത്തുടർന്ന് അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമാണെന്നും, ഡോക്ടർമാരുടെ സൂക്ഷ്മ നിരീക്ഷണത്തിലാണെന്നും ആശുപത്രി അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## BHUPENDER - AIR POLLUTION MEETING

ഡൽഹിയിലും ദേശീയ തലസ്ഥാന മേഖലയിലും വായുമലിനീകരണം തടയുന്നതിന് സാങ്കേതിക വിദ്യ അധിഷ്ഠിത പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് സ്റ്റാർട്ടപ്പുകളുമായും നവസംരംഭകരുമായും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. നിർമ്മിതബുദ്ധി ഉപയോഗിച്ചുള്ള തത്സമയ മലിനീകരണ നിരീക്ഷണം സർക്കാരിന്റെ പ്രധാന മുൻഗണനയെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. ഗതാഗത നിയന്ത്രണം, വൈക്കോലും മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കൽ എന്നിവയ്ക്കുള്ള പരിസ്ഥിതി സൗഹൃദ മാർഗ്ഗങ്ങൾ കണ്ടെത്താൻ സ്റ്റാർട്ടപ്പുകൾ മുൻകൈയെടുക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&&

## AIR INDIA CANCEL

പശ്ചിമേഷ്യൻ മേഖലയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത്, ഇന്ത്യയിൽ നിന്ന് ജിദ്ദ, റിയാദ്, ദമാം എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള വിമാന സർവീസുകൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും ഈ മാസം 24 വരെ നിർത്തിവെച്ചു. ഒക്ടോബർ 9-നും 25-നും ഇടയിൽ യാത്ര ചെയ്യാൻ നിശ്ചയിച്ചിരുന്നവരും, ഈ മാസം 15-നോ അതിനുമുമ്പോ ടിക്കറ്റ് ബുക്ക് ചെയ്തവരുമായ യാത്രക്കാർക്ക്, അടുത്ത മാസം 10-നുള്ളിൽ ഒരു തവണ സൗജന്യമായി യാത്രാ തീയതി മാറ്റാൻ അവസരമുണ്ടെന്ന് എയർലൈനുകൾ അറിയിച്ചു. യാത്ര വേണ്ടെന്ന് വെക്കുകയാണെങ്കിൽ ടിക്കറ്റ് തുക പൂർണ്ണമായും തിരികെ ലഭിക്കുന്നതിനും അർഹതയുണ്ട്.

&&&&&&&&&&&&&&&&&&&&

## FINANCE MINISTRY IDBI

ഐ.ഡി.ബി.ഐ. ബാങ്കിലെ സർക്കാർ ഓഹരി പങ്കാളിത്തം കുറയ്ക്കുന്നതിൽ നിയമതടസ്സമില്ലെന്ന് ധനമന്ത്രാലയം വ്യക്തമാക്കി. 2003-ലെ നിയമനിർമ്മാണ വേളയിൽ ഓഹരി വിഹിതം നിലനിർത്തണമെന്ന ഭേദഗതി തള്ളിയതാണെന്ന് മന്ത്രാലയം അറിയിച്ചു. പാർലമെന്റ് ചർച്ചകളുടെ പേരിൽ സർക്കാരിന്റെ ഓഹരി വിറ്റഴിക്കൽ തടയാനാകില്ലെന്ന് 2018-ലെ ഡൽഹി ഹൈക്കോടതി വിധിയും വ്യക്തമാക്കുന്നുണ്ട്. ബാങ്കിന്റെ ഓഹരി വിറ്റഴിക്കൽ മുൻ നയങ്ങളുടെ തുടർച്ചയാണെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## HPEC PORTAL

2026 ജൂലൈയിൽ ഡൽഹി ജന്തർ മന്തറിലും സമീപപ്രദേശങ്ങളിലും ഉണ്ടായ സംഘർഷങ്ങളെക്കുറിച്ച് അന്വേഷിക്കാൻ സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര

സമിതി പുതിയ വെബ് പോർട്ടൽ hpec.nic.in സജ്ജമാക്കി. അക്രമത്തിനു വിധേയരായ ജനങ്ങൾക്കും പൊലീസുകാർക്കും വിവരങ്ങളും പരാതികളും പോർട്ടൽ വഴി രഹസ്യമായി നൽകാം.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&